## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

04.02.2020-ൽ മറുപടിക്ക്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.633**

## പാറശ്ശാല നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| | ചോദ്യം<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി ബൾബും എൽ.ഇ.ഡി ട്യൂബും വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ LED ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകം തന്നെ 1.35 കോടിയില്പരം LED ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഊർജ്ജ കേരളാ മിഷൻ എന്ന ഒരു പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ വീടുകളിലും ഉപയോഗത്തിലുള്ള ഫിലമെന്റ് ബൾബുകളും, CFL.ലുകളും, ട്യൂബ് ലൈറ്റുകളും ഘട്ടംഘട്ടമായി LED. വിളക്കുകളിലേക്കു മാറ്റുന്നതിനുള്ള 'ഫിലമെന്റ് രഹിത കേരളം പദ്ധതി' വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു. ഹരിതഗൃഹവാതകങ്ങളുടെ ബഹിർ ഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക, തെരുവു വിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും, CFL. ലുകളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED ബൾബുകൾ ഉപയോഗിച്ച് മാറ്റുന്നത് ലക്ഷ്യമിട്ട ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി പ്രതിദിനം 2.5 ദശലക്ഷം ടൺ $CO_2$, വാതകവും, 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേയ്ക്ക് പുറം തള്ളുന്നത് ഒഴിവാക്കാനാകും കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും. |

| | | | |
|---|---|---|---|
| | | | മാറ്റി നൽകുന്ന LED ബൾബിന്റെ വില വൈദ്യുതി ബിൽ തുകയോടൊപ്പം തവണകളായി അടയ്ക്കാം എന്നതിനാൽ പദ്ധതിക്ക് സ്വീകാര്യത കൂടുതലാകും എന്ന് കരുതുന്നു. ഈ പദ്ധതിയിൽ ഇതുവരെ 13,21,683 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ LED ബൾബുകൾ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മാറ്റപ്പെട്ട ഫിലമെന്റ് ബൾബുകൾ ഉപഭോക്താക്കളിൽ നിന്ന് തിരികെ സ്വീകരിച്ച് യഥാവിധി നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ പുതുതായി എത്ര കണക്ഷനുകൾ ലഭ്യമാക്കി; ആയതിലേക്ക് എത്ര തുക ചിലവഴിച്ചു എന്നുള്ള വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ബി) | സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ പുതിയതായി ലഭ്യമാക്കിയ കണക്ഷനുകളുടെയും ആയതിലേക്ക് ചിലവായ തുകയുടെയും വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| പഞ്ചായത്ത് | കണക്ഷനുകളുടെ എണ്ണം | ചിലവായ തുക (രൂപ ) |
|---|---|---|
| പാറശ്ശാല | 372 | 3850096 |
| വെള്ളറട | 242 | 2530097 |
| ഒറ്റശേഖരമംഗലം | 365 | 2837608 |
| പെരുങ്കടവിള | 275 | 2290182 |
| കൊല്ലയിൽ | 204 | 2105534 |
| അമ്പൂരി | 186 | 1944905 |
| ആര്യംകോട് | 279 | 3089626 |
| കുന്നത്തുകാൽ | 334 | 3771474 |
| കള്ളിക്കാട് | 221 | 2486624 |
| **ആകെ** | **2478** | **2,49,06,146** |

സെക്ഷൻ ഓഫീസർ